പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3700** 19/02/2013 - **ൽ മറുപടിക്ക്**

## ഒട്ടുമ്പുറം കെട്ടുങ്ങൽ കടവ് പാലത്തിന്റെ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി:** | ശ്രീ.കെ. ബാബു<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) **നിർദ്ദിഷ്ട തീരദേശ പാതയ്ക്ക് ഉപയുക്തമാകുന്ന താനൂർ പഞ്ചായത്തിലെ ഒട്ടുമ്പുറത്തേയും പരപ്പനങ്ങാടി പഞ്ചായത്തിലെ കെട്ടുങ്ങൽ കടവിനേയും ബന്ധിപ്പിക്കുന്ന ഒട്ടുമ്പുറം – കെട്ടുങ്ങൽ കടവ് പാലത്തിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ് ;** | (എ) **നിർദ്ദിഷ്ട** തീരദേശ **പാതയ്ക്ക് ഉപയുക്തമാകുന്ന** താനൂർ **പഞ്ചായത്തിലെ ഒട്ടുമ്പുറത്തേയും** പരപ്പനങ്ങാടി **പഞ്ചായത്തിലെ** കെട്ടുങ്ങൽ **കടവിനേയും ബന്ധിപ്പിക്കുന്ന** ഒട്ടുമ്പുറം **കെട്ടുങ്ങൽ കടവ് പാലത്തിന്റെ** **പ്രവൃത്തിയ്ക്കായി നബാർഡ്** ആർ.ഐ.ഡി.എഫ്. **XVII ൽ ഉൾപ്പെടുത്തി** 2670 **ലക്ഷം രൂപയ്ക്ക് നബാർഡിൽ** നിന്നും **ഭരണാനുമതി നൽകിയ**ിട്ടുണ്ട്. **2670 ലക്ഷം രൂപയ്ക്ക്** സാങ്കേതികാനുമതി **നൽകി 15/02/2013** അവസാന **തീയതിയായി മുൻയോഗ്യ**താ ടെണ്ടർ **ക്ഷണിച്ചിട്ടുണ്ട്.** |
| (ബി) **എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;** | (ബി) മുൻ യോഗ്യതാ **ദർഘാസിന് പ്രീ-ക്വാളിഫിക്കേഷൻ കമ്മറ്റിയുടെ അംഗീകാരം** ലഭ്യമാ**ക്കിയശേഷം നിരക്ക് രേഖപ്പെടുത്തിയ** പ്രത്യേക **കവർ തുറന്ന് പരിശോധിക്കും**. **കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ** ദർഘാസിന് **അംഗീകാരം നൽകി** കരാറുകാരൻ **കരാറിൽ ഏർപ്പെട്ട്** **പ്രവൃത്തി** ആരംഭിക്കു**ന്നതാണ്.** |

**(സി) എത്ര കാലത്തിനുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ ?**

**(സി)** പ്രവൃത്തി ആരംഭിച്ച് **15 മാസത്തിനുള്ളിൽ** പൂർത്തീകരിക്കാനാണ് **ഉദ്ദേശിച്ചിട്ടുള്ളത്.**

സെക്ഷൻ **ഓഫീസർ**